

ബിബിൻ ജി. രാജ്

# പോങ്ങുംമൂടിന് പൊൻ തിളക്കമായി ബിപിൻരാജിൻെറ റാങ്ക്

**ശ്രീകാര്യം :** കേരള മെഡിക്കൽ എൻട്രൻസ് പരീക്ഷയിൽ എസ്.സി. വിഭാഗത്തിൽ ബിപിൻ രാജ് നേടിയ ഒന്നാം റാങ്ക് നാടിന് പൊൻ തിളക്കമായി. 882 മാർക്കോടെയാണ് ബിപിൻ ഒന്നാം റാങ്ക് നേടിയത്. ശ്രീകാര്യം പോങ്ങുംമൂട് ജനശക്തി നഗറിൽ ജെ.എൻ.ആർ.എ 74 എയിൽ സംസ്ഥാന സഹകരണ ബാങ്ക് മെഡിക്കൽ കോളേജ് ബ്രാഞ്ച് മാനേജർ കെ.സി.ധനരാജൻെറയും തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഹെഡ് നഴ്സ് പി.ഗീതയുടെയും രണ്ട് മക്കളിൽ ഇളയ ആളാണ് ബിപിൻ. ജേഷ്ഠൻ അബിൻ ജി. രാജ് തിരുവനന്തപുരം എൻജിനീയറിങ് കോളേജിൽ മൂന്നാം വർഷ ബി.ടെക് വിദ്യാർഥിയാണ്. മെഡിക്കൽ രംഗത്ത് അർപ്പണമനോഭാവമുള്ള കാർഡിയോളജിസ്റ്റ് ആകണമെന്നാണ് ഈ റാങ്കുകാരൻെറ ആഗ്രഹം. ഓാം ഇന്ത്യ മെഡിക്കൽ പ്രവേശന പരീക്ഷ എഴുതി ഫലം കാത്തിരിക്കുന്ന ബിപിന് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പഠിക്കാനാണ് താത്പര്യം.

പട്ടം കേന്ദ്രീയ വിദ്യാലയത്തിൽ നിന്നാണ് ഒന്നു മുതൽ പ്ലസ് ടു വരെ ബിപിൻ രാജ് വിദ്യാഭ്യാസം പൂർത്തീകരിച്ചത്. പത്താം ക്ലാസിൽ മുഴുവൻ എ പ്ലസ്സോടെ വിജയിക്കുകയും തൊണ്ണൂറ്റിയഞ്ച് ശതമാനം മാർക്കോടെയാണ് പ്ലസ് ടു വിജയവും കരസ്ഥമാക്കിയത്. വായനയിലും പാട്ടിലും കമ്പമുള്ള ബിപിൻെറ ഇഷ്ടവിനോദമാണ് സൈക്ലിങ്. കൊല്ലം പത്തനാപുരം മാലൂർ സ്വദേശികളായ ധനപാലനും കുടുംബവും ഏഴ് വർഷം മുമ്പാണ് പോങ്ങുംമൂട്ടിൽ സ്ഥിര താമസമാക്കിയത്.